റ്റി2/91610/2013/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി,

## സർക്കുലർ

വിഷയം:- വിദ്യാഭ്യാസം - സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 12.12.2013 ലെ ജി.ഒ (ആർ.ടി) നം.2211/13/എ.ഡി.നമ്പർ സർക്കാർ ഉത്തരവ്.

*******

1. സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് ഡയറക്ടർക്ക് 8 കോടി രൂപ അനുവദിച്ച് ഭരണാനുമതി നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

2. പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ പറയുന്നു.

(a) ജൈവാവശിഷ്ടങ്ങളുടെ ഫലപ്രദമായ സംസ്കരണം.

(b) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് ചെലവുകുറഞ്ഞതും സുരക്ഷിതവുമായ രീതിയിൽ പാചക വാതകം ലഭ്യമാക്കൽ.

(c) പച്ചക്കറിത്തോട്ടങ്ങൾക്ക് ജൈവവളം നൽകൽ.

(d) ജൈവാവശിഷ്ടങ്ങളിൽനിന്നും ജൈവവള നിർമ്മാണവും ജൈവ വാതക ഉല്പാദനവും എങ്ങനെ നടത്താമെന്ന പ്രവർത്തനാനുഭവം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുവാൻ.

(e) വിശ്രമവേളകളിൽ പച്ചക്കറി തോട്ടങ്ങൾ നിർമ്മിച്ച് പരിപാലിപ്പിക്കുന്നതിനും അത്തരം പ്രവർത്തനങ്ങളിലൂടെ സ്കൂൾ വിദ്യാർത്ഥികൾക്ക് കാർഷിക ജോലികളിൽ വൈദഗ്ദ്യം ഉണ്ടാക്കിയെടുക്കുവാനും അവസരമുണ്ടാക്കുക.

(f) സ്കൂൾ വിദ്യാർത്ഥികൾക്ക് സുരക്ഷിതവും ശുദ്ധവുമായ പച്ചക്കറികൾ അനുഭവവേദ്യമാക്കുക.

(3) മേല്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്ത് 3825 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതായിരിക്കും. ഇതിനായി വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാർ അവരവരുടെ ജില്ലയിൽനിന്നും ചുവടെ ചേർത്തിരിക്കുന്ന എണ്ണത്തിനനുസരിച്ച് അനുയോജ്യമായ സർക്കാർ/എയ്ഡഡ് സ്കൂളുകൾ കണ്ടെത്തി 31-01-2014 തീയതിക്ക് മുമ്പായി അഗ്രികൾച്ചറൽ ഡയറക്ടറെ അറിയിക്കേണ്ടതും പകർപ്പ് വിദ്യാഭ്യാസ ഡയറക്ടർക്ക് നല്കേണ്ടതുമാണ്.

| ജില്ല | എൽ.പി.സ്കൂൾ | | യു.പി.സ്കൂൾ | | ഹൈസ്കൂൾ | | ആകെ |
|---|---|---|---|---|---|---|---|
| | സർക്കാർ | എയ്ഡഡ് | സർക്കാർ | എയ്ഡഡ് | സർക്കാർ | എയഡഡ് | |
| തിരുവനന്തപുരം | 75 | -- | 80 | 20 | 115 | 65 | 355 |
| കൊല്ലം | 65 | -- | 48 | 38 | 80 | 85 | 316 |
| പത്തനംതിട്ട | 37 | -- | 31 | 23 | 46 | 75 | 212 |
| ആലപ്പുഴ | 50 | -- | 52 | 22 | 56 | 85 | 265 |
| കോട്ടയം | 40 | -- | 46 | 34 | 56 | 118 | 294 |
| ഇടുക്കി | 20 | -- | 23 | 16 | 70 | 50 | 179 |
| എറണാകുളം | 42 | -- | 70 | 28 | 82 | 122 | 344 |
| തൃശ്ശൂർ | 30 | -- | 40 | 46 | 80 | 100 | 296 |
| പാലക്കാട് | 50 | -- | 32 | 43 | 80 | 50 | 255 |
| മലപ്പുറം | 85 | -- | 84 | 63 | 81 | 60 | 373 |
| കോഴിക്കോട് | 45 | -- | 60 | 70 | 68 | 65 | 308 |
| വയനാട് | 20 | -- | 20 | 11 | 50 | 15 | 116 |
| കണ്ണൂർ | 28 | -- | 56 | 74 | 85 | 50 | 293 |
| കാസർഗോഡ് | 38 | -- | 50 | 20 | 86 | 25 | 219 |
| ആകെ | 625 | -- | 692 | 508 | 1035 | 965 | 3825 |
| | 625 | | 1200 | | 2000 | | 3825 |

(4) പ്ലാന്റ് സ്ഥാപിക്കപ്പെടുന്ന സ്കൂളുകളിൽ അതിന്റെ പ്രവർത്തനം സുഗമമായി നടത്തിപ്പിക്കുന്നതിനും പരിപാലിപ്പിക്കുന്നതിനും ഒരു അദ്ധ്യാപകനെ ചുമതലപ്പെടുത്തേണ്ടതും വിദ്യാർത്ഥികളുടെ ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്ത് നിയോഗിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

ജെ.എൽ

പുറത്തെഴുത്ത് കത്ത് നം: കെ3/1868/13 ഡിഡിഇ, പാലക്കാട് തീ: 29/1/14

കത്തിന്റെ പകർപ്പ് എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയയ്ക്കുന്നു. താങ്കൾ സ്ക്കൂൾ തലത്തിലെ നിർദ്ദിഷ്ട വിഭാഗങ്ങളിൽ നിന്നും അഞ്ചു വീതം സ്ക്കൂളുകളെ മുൻഗണനാ ക്രമത്തിൽ തിരഞ്ഞെടുത്ത് ഈ ഓഫീസിലേയ്ക്ക് മടക്ക തപാലിൽ തന്നെ അയച്ചുതരേണ്ടതാണ്.

ഒപ്പ്/-
വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി

വിവി/30.1.14.5